(ബി) എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജില്ലകൾതോറും വ്യാവസായികാവശ്യത്തിനായി വികസന കേന്ദ്രങ്ങൾ സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വ്യവസായരഹിത ജില്ലകളിലും പിന്നോക്ക ജില്ലകളിലു മാണ് ഈ പദ്ധതി ആദ്യം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

കയർവ്യവസായത്തെ രക്ഷിക്കാൻ നടപടി

243 [555] ശ്രീ. തോപ്പിൽ രവി:
,, ബന്നിബഹനാൻ:
,, തെന്നല ജി. ബാലകൃഷ്ണപിള്ള:
,, രമേശ് ചെന്നിത്തല:
,, എ.സി. ജോസ്:
,, കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തെ രക്ഷിക്കാൻ എന്തെല്ലാം നടപടിക ളാണ് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പൊതുമേഖലയിൽ ഫൈബർഫാം ഉപയോഗിച്ച് വ്യവ സായം തുടങ്ങാൻ ഗവൺമെന്റിന് പരിപാടിയുണ്ടോ?

ഉത്തരം

(എ) കയർ വ്യവസായത്തിലെ പ്രതിസന്ധി പ്രധാനമായും സ്റ്റോക്ക് വിറ്റഴിയാതെ കെട്ടിക്കിടക്കുന്നതുമൂലവും പച്ചത്തൊണ്ട് കിട്ടു ന്നതിനുള്ള ബുദ്ധിമുട്ടുമൂലവുമായിരുന്നു. കയറിന്റെ ആഭ്യന്തര വിപണിയിലുണ്ടായ വർദ്ധനവു മൂലം സ്റ്റോക്കു വിറ്റഴിക്കുന്നതിലുള്ള പ്രതിസന്ധി തരണം ചെയ്തുകഴിഞ്ഞു. ഇപ്പോൾ സ്റ്റോക്ക് കെട്ടി ക്കിടപ്പില്ല. തൊണ്ടു സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവി ലുള്ള തൊണ്ടു നിയന്ത്രണ നിയമം കർശനമായി നടപ്പാക്കുന്നതിനു നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശ ങ്ങളിൽനിന്നും അയൽസംസ്ഥാനങ്ങളിലേക്ക് തൊണ്ട് കടത്തിക്കൊണ്ടു പോകുന്നത് പോലീസ് സഹായത്തോടുകൂടി തടയുന്നതിനുള്ള ഏർപ്പാ ടുകളും ചെയ്തിട്ടുണ്ട്. തൊണ്ട് അധികമുള്ള പ്രദേശങ്ങളിൽനിന്നും ദൗർലഭ്യമുള്ള മേഖലകളിലേക്ക് തൊണ്ടും ചകിരിയും കൊണ്ടുവരുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. തൊണ്ടിന്റെ വില കാലാനുസൃത മായി പുതുക്കി നിശ്ചയിച്ചു. ഇതിന്റെ ഫലമായി ഈവർഷത്തെ തൊണ്ടു സംഭരണത്തിൽ കാര്യമായി പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ തൊണ്ടു സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവി ലുള്ള തൊണ്ടു നിയന്ത്രണ ഉത്തരവ് റദ്ദാക്കി പകരം ലെവി സമ്പ്രദായം പരീക്ഷിച്ചുനോക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

കയർ ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരിഷ്കരിച്ച രീതിയിലുള്ള റാട്ടുകളും, ലൂമുകളും വാങ്ങു ന്നതിനുള്ള സാമ്പത്തിക സഹായം കേന്ദ്രഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കോപ്പിറേ റിവൈസേഷൻ സ്കീമനുസരിച്ച് നൽകിക്കഴിഞ്ഞു. കൂടാതെ കേന്ദ്രഗവൺമെൻറിൻെറ 50% വിഹിതത്തോടുകൂടി അർഹമായ രീതിയിലുള്ള ഷെയർ ക്യാപ്പിറൽ കോൺട്രിബ്യൂഷൻ, മാനേജീരിയൽ സബ്സിഡി മുതലായവയും നൽകിക്കഴിഞ്ഞു.

(ബി) കയറിൻേറയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി വിപുലമാക്കുന്നത് നുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ വിൽപ്പനശാലകൾ തുറക്കുകയും പ്രചരണ പരിപാടി എന്ന നിലയ്ക്ക് പ്രധാനപ്പെട്ട പട്ടണങ്ങളിൽ പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കയർ മാർക്കറിംഗ് ഫെഡറേഷൻ നാഷണൽ കോ-ഓപ്പറേറീവ് ഡവലപ്പുമെൻറ് കോർപ്പറേഷൻെറ ധനസഹായത്തോടെ റബ്ബറൈസ്ഡ് കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഖാദി വ്യവസായബോർഡിൻെറ ഡിപ്പോകളിലെ തുണികളുടെ സ്റ്റോക്ക്

244 [557] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി—ഗ്രാമവ്യവസായ ബോർഡിൻെറ വിവിധ ഡിപ്പോകളിൽ എത്ര രൂപയുടെ തുണി ഇപ്പോൾ സ്റ്റോക്കുണ്ട്;

(ബി) 1982—83 കാലയളവിൽ എത്ര രൂപയുടെ തുണിയാണ് വിറ്റഴിഞ്ഞത്;

(സി) 1983—84 കാലയളവിൽ എത്രയായിരുന്നു;

(ഡി) 1983—84—ൽ മുൻ വർഷത്തെ അപേക്ഷിച്ച് വിൽപ്പന കുറവായിരുന്നുവോ;

(ഇ) എങ്കിൽ എന്താണ് അതിനു കാരണം;

(എഫ്) ആരോഗ്യ വകുപ്പ് ഖാദി—ഗ്രാമവ്യവസായ ബോർഡിൽ നിന്നു തുണി വാങ്ങുന്നതിൽ കുറവു വരുത്തിയിട്ടുണ്ടോ;

(ജി) എങ്കിൽ എന്താണ് കാരണം?

ഉത്തരം

(എ) 31—3—1985 ലെ കണക്കു പ്രകാരം 2,58,22,123.17 രൂപയുടെ തുണിത്തരങ്ങൾ സ്റ്റോക്കുണ്ട്.

(ബി) 97.19 ലക്ഷം രൂപയുടെ.

(സി) 103.21 ലക്ഷം രൂപ.

(ഡി) അല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്.

(ജി) ആരോഗ്യ വകുപ്പ് തുണിത്തരങ്ങൾ വാങ്ങുന്നതിൽ വരുത്തിയ നയവ്യതിയാനമാണ് കാരണം.

രത്നഖനനം

245 [559] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രത്നങ്ങളുടെ ഖനനസാദ്ധ്യത സംബന്ധിച്ച് ഗവൺമെൻറ് എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly